# പതിമൂന്നാം കേരള നിയമസഭ

## (പതിനൊന്നാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 136 09/06/2014-ൽ മറുപടിയ്ക്ക്**

## ആദിച്ചനെല്ലൂർ ചിറയിൽ ഫിഷിംഗ് ഹാച്ചറി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. എസ്. ജയലാൽ: | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ആദിച്ചനെല്ലൂർ ഗ്രാമപഞ്ചായത്തിൽ ആദിച്ചനെല്ലൂർ ചിറയിൽ ഫിഷിംഗ് ഹാച്ചറി സ്ഥാപിക്കുന്നതിലേക്കായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരുന്നത്; | (എ) ആദിച്ചനല്ലൂർ ചിറയിൽ മത്സ്യ വിത്തുല്പാദന കേന്ദ്രം നിർമ്മിക്കുന്നതിന് രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ) പ്രകാരം 50 ലക്ഷം രൂപയുടെ ഭരണാനുമതിയും 41 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും നൽകിയിരുന്നു. ചിറയിൽ വെള്ളത്തിന്റെ അളവ് ഉയർന്ന് നിന്നതിനാൽ പ്രവൃത്തി ആരംഭിക്കാൻ സാധിക്കുകയില്ലായിരുന്നു. ചിറയിലെ sluice valve പഞ്ചായത്ത് തുറന്നു വിടുകയും, വെള്ളം കുറയുകയും ചെയ്തപ്പോൾ 29/09/2009 ൽ കരാറുകാരന് സൈറ്റ് കൈമാറുകയും തുടർന്ന് ഗ്രാവൽ ഫില്ലിംഗിന്റെ ഇനീഷ്യൽ ലെവൽ എടുത്ത് ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് റിപ്പോർട്ട് ചെയ്യുകയും പണി ആരംഭിയ്ക്കുന്നതിനുള്ള നടപടി തുടങ്ങുകയും ചെയ്തു. എന്നാൽ, കനത്ത മഴയിൽ ചിറയിൽ വെള്ളമുണ്ടാകുകയും പണി ആരംഭിക്കാൻ പറ്റാത്ത അവസ്ഥയുണ്ടാകുകയും ചെയ്തു.<br><br>ആദിച്ചനല്ലൂർ ചിറയിൽ പോളച്ചിറ ഫിഷ് ഫാമിൽ നിർമ്മിച്ച മാതൃകയിൽ പാറ കെട്ടിയ ചുറ്റുമതിലുള്ള 10 കുളങ്ങൾ നിർമ്മിക്കാനാണ് കരാറിൽ ഏർപ്പെട്ടിരുന്നത്. എന്നാൽ, നിർമ്മാണത്തിന് മുമ്പായി ചിറയിൽ മണ്ണ് പരിശോധിച്ചതിൽ, അടിത്തട്ട് ചെളിയായതിനാൽ ഗ്രാവൽ ഫില്ല് ചെയ്ത്, പാറ കെട്ടി കുളം നിർമ്മിക്കുന്നത് അപായകരമാണെന്ന് കണ്ടെത്തുകയും, ആയതിനാൽ തെങ്ങുംകുറ്റികൾ താഴ്ത്തി, അതിനു മുകളിൽ കോൺക്രീറ്റ് കുളങ്ങൾ നിർമ്മിക്കാമെന്ന് തീരുമാനിക്കുകയും അതനുസരിച്ച് എസ്റ്റിമേറ്റ് പുതുക്കുകയും, ഇത്തരത്തിൽ പുതുക്കിയ |

എസ്റ്റിമേറ്റ് തുകയായ 44,00,000/- രൂപയുടെ (നാല്പത്തിനാല് ലക്ഷം രൂപാ മാത്രം) എസ്റ്റിമേറ്റ് തത്വത്തിൽ അംഗീകരിച്ച് പണി ആരംഭിക്കുവാൻ ഫിഷറീസ് ഡയറക്ടർ നിർദ്ദേശിക്കുകയും, 31/12/2009-ൽ പണി പുനരാരംഭിക്കുകയും ചെയ്തിരുന്നു.

(ബി) പ്രസ്തുത പ്രവർത്തനം തടസ്സപ്പെടുവാൻ ഉണ്ടായ കാരണങ്ങൾ എന്തൊക്കെയാണെന്നും തടസ്സങ്ങൾ ഉണ്ടായത് എന്നാണെന്നും പ്രശ്നപരിഹാരത്തിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും അറിയിക്കുമോ?

(ബി) 31/12/2009 ൽ പണി പുനരാരംഭിച്ചപ്പോൾ തന്നെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനെ തിരെ പരിസരവാസികൾ സമരം ചെയ്യുകയും, പണി തടയുകയും ചെയ്തു. 'തണ്ണീർതടം' നികത്തി യാതൊരു നിർമ്മാണ പ്രവർത്തനവും അനുവദിക്കുകയില്ലായെന്ന് പ്രദേശവാസികൾ ഐകകണ്ഠേന അറിയിച്ചതനുസരിച്ച് ടി പ്രവൃത്തി നിർത്തി വയ്ക്കുകയുണ്ടായി. ഡിപ്പാർട്ട്മെന്റിന്റെയും ഗ്രാമപഞ്ചായ ത്തിന്റെയും ആഭിമുഖ്യത്തിൽ സർവ്വകക്ഷി യോഗം വിളിച്ച് ചേർത്ത് പൊതുജനങ്ങളുടെ ആശങ്കകളും അഭിപ്രായങ്ങളും ശേഖരിക്കുകയും പദ്ധതിയുടെ എല്ലാ വശങ്ങളെക്കുറിച്ചും ജനങ്ങൾക്ക് ബോദ്ധ്യമാക്കി കൊടുക്കുകയും ചെയ്തു. ബഹു: സ്ഥലം MLA ശ്രീ.എൻ.അനിരുദ്ധൻ അവർകളുടെ അദ്ധ്യക്ഷതയിലാണ് സർവ്വ കക്ഷി യോഗം നടന്നത്; എന്നാൽ, തുടർന്ന് പ്രദേശവാസികൾ കൊടുത്ത പരാതിയിൽ ടി പദ്ധതി നടപ്പിലാക്കുന്നതിനെതിരെ ബഹു: ഹൈക്കോടതി സ്റ്റേ അനുവദിക്കുകയും, 21/07/2010 ൽ കൂടിയ ഉന്നതതലയോഗത്തിലെ നിർദ്ദേശത്തെ തുടർന്ന് പ്രവൃത്തി ക്ലോഷർ എഗ്രിമെന്റ് വച്ച് അവസാനിപ്പിക്കുകയുണ്ടായി.

പ്രദേശവാസികൾ ബഹു. ഹൈക്കോടതി യിൽ ഫയൽ ചെയ്ത കേസിലെ കോടതി നിർദ്ദേശപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് നിയോഗിച്ച സമിതി ഈ വിഷയം പരിശോധിക്കുകയും നിലവിലുള്ള അവസ്ഥയിൽ പ്രവൃത്തി തുടരുന്നത് അനുവദിക്കാനാവില്ലെന്ന് കോടതിയ്ക്ക് റിപ്പോർട്ട് നൽകുകയും ചെയ്തിരുന്നു. ഇതിനെതുടർന്ന് പദ്ധതി നടപ്പാക്കുന്നതിനുള്ള സാധ്യതകൾ വിശദമായി പരിശോധിക്കുകയും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന അധികാരികളുമായി വിഷയം ചർച്ച ചെയ്യുകയും ചെയ്തിരുന്നു. ടി പദ്ധതി നടപ്പാക്കുന്നതിന് തദ്ദേശവാസികൾക്ക് എതിർപ്പുള്ളതിനാൽ പദ്ധതിയുമായി മുന്നോട്ട് പോകുവാൻ പഞ്ചായത്തിന് താല്പര്യമില്ലാ യെന്ന് അറിയിച്ചതിനെതുടർന്ന് ആദിച്ചനല്ലൂർ ചിറയിൽ ടി പദ്ധതി നടപ്പാക്കുന്നത് ഉപേക്ഷിച്ചിട്ടുണ്ട്. ഈ വിവരം കോടതിയെ അറിയിച്ചതിനെ തുടർന്ന് 17/10/13-ൽ WP(C) 8682/10 -ാം നമ്പർ കേസ് തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ആഫീസർ